# യൂണിറ്റ് : 8

# കേരളപ്പുതുമ

1. കേരളം ഇംഗ്ലീഷിസ്റ്റിന്ത്യാ കമ്പനിയുടെ അധീനതയിലാവാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെ ആയിരുന്നു? 2 സ്കോർ

---

2. മലബാറിലെ ജനങ്ങൾക്ക് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയോടുള്ള എതിർപ്പ് രൂക്ഷമാക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു? 2 സ്കോർ

---

3. ബ്രിട്ടീഷുകാർ കേരളത്തിൽ നടപ്പിലാക്കിയ ഭൂനിയമങ്ങൾ കേരളത്തിലെ ജന്മിവ്യവസ്ഥയ്ക്ക് സഹായകമായിരുന്നു. ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക? 3 സ്കോർ

---

4. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ നടന്ന ജനകീയ മുന്നേറ്റമായ കുറിച്യ കലാപത്തിലേക്കു നയിച്ച കാരണങ്ങൾ കണ്ടെത്തി കുറിപ്പു തയ്യാറാക്കുക? 3 സ്കോർ

---

5. ബ്രിട്ടീഷ് ഭരണം കേരളത്തിലെ ഗ്രാമീണ മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ഏതൊക്കെയെന്നു കണ്ടെത്തി കുറിപ്പു തയ്യാറാക്കുക? 3 സ്കോർ

---

6. മലബാറിൽ ബ്രിട്ടീഷുകാർക്കെതിരെ കലാപങ്ങൾ രൂപപ്പെടാനിടയാക്കിയ സാഹചര്യങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക? 3 സ്കോർ

---

7. മലയാളക്കരയാകെ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലാവുന്നതിന് സൈനിക സഹായ വ്യവസ്ഥയും ശ്രീരംഗപട്ടണം സന്ധിയും വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. ഈ പ്രസ്താവന ന്യായീകരിക്കുന്നതിനാവശ്യമായ വാദഗതികൾ നിരത്തുക? 2 സ്കോർ

---

8. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനിയമങ്ങൾ കേരളത്തിലെ ഗ്രാമീണ കർഷകരുടെ ജീവിതത്തിൽ ഉണ്ടാക്കിയ ദുരിതങ്ങളെന്തൊക്കെ? 3 സ്കോർ

---

9. പണ്ടാരപ്പാട്ട വിളംബരവും ജന്മികുടിയാൻ വിളംബരവും കർഷകരുടെ ദുരിതങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. എങ്ങനെയാണ് ഈ രണ്ടു വിളംബരങ്ങളും കർഷകർക്ക് പ്രതികൂലമായി ബാധിച്ചത് എന്നു കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക? 3 സ്കോർ

---

10. പഴയകാലത്ത് വിദ്യാഭ്യാസസ്ഥാപനങ്ങൾ വിവിധ പേരുകളിലാണ് കേരളത്തിൽ അറിയപ്പെട്ടിരുന്നത്. അതിൽ ഏതെങ്കിലും രണ്ടെണ്ണമെഴുതുക? 2 സ്കോർ

---

11. പഴയകാലത്ത് കേരളത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. എന്തുകൊണ്ട്? 2 സ്കോർ

---

12. മിഷണറിമാരുടെ വരവ് ബ്രിട്ടീഷ് ഭരണകൂടത്തിന് ഏറെ സഹായകരമായി. വ്യക്തമാക്കുക? 2 സ്കോർ

---

13. കേരളത്തിൽ വിദ്യാഭ്യാസസ്ഥാപനത്തിന് തുടക്കം കുറിച്ച ഏതെങ്കിലും രണ്ട് മിഷണറി സംഘങ്ങളുടെ പേരെഴുതുക? 2 സ്കോർ

---

14. തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി നൽകുവാനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു? 2 സ്കോർ

---

15. മലബാറിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ മിഷണറിമാർ നടത്തിയ സേവനങ്ങളെ വിലയിരുത്തി ഒരു ലഘുകുറിപ്പ് തയ്യാറാക്കുക? 2 സ്കോർ

---

16. തിരുവിതാംകൂറിൽ മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനം രൂപപ്പെടാൻ ഇടയായ സാഹചര്യം എന്ത്? 3 സ്കോർ

---

17. നവോത്ഥാന നായകരുടെ പ്രവർത്തനം കേരളത്തിലെ സാമൂഹ്യ മാറ്റങ്ങൾക്ക് ഇടയായതെങ്ങനെ യെന്ന് വിലയിരുത്തുക? 3 സ്കോർ

---

18. കേരളരൂപീകരണത്തിനു മുമ്പ് സാമൂഹ്യ പരിവർത്തനത്തിനായി കേരളത്തിൽ നടന്ന രണ്ട് പ്രക്ഷോ ഭങ്ങളുടെ പേരെഴുതുക. ഇവ കേരളത്തിന്റെ സാമൂഹ്യനവോത്ഥാന രംഗത്ത് ചെലുത്തിയ സ്വാധീനം വിലയിരുത്തുക? 4 സ്കോർ

---

19. നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന സമരങ്ങളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക? 2 സ്കോർ

---

20. ഐക്യകേരള പ്രസ്ഥാനം ശക്തിപ്പെടാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെക്കൊയായിരുന്നു?

3 സ്കോർ

---

21. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾക്ക് സമകാലീന കേരളീയ സമൂഹത്തിലുള്ള പ്രസക്തി വില യിരുത്തുക? 2 സ്കോർ

---

22. കേരളത്തിൽ സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടു നടന്ന തൊഴിലാളി സമരങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക? 3 സ്കോർ

---

23. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ സംസ്ഥാന രൂപീകരണമുണ്ടാ ക്കിയ മാറ്റങ്ങൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക? 5സ്കോർ

സൂചകങ്ങൾ : ഭൂപരിഷ്കരണ നിയമം - ആരോഗ്യ വിദ്യാഭ്യാസം - കേരള വികസന മാതൃക

---